(സി) ബി–ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

തിരുവനന്തപുരം നാഗർകോവിൽ റോഡരികിൽ ഒഴിച്ചിടപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ.

31. MR. P. K. KRISHNAN SASTRI : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം–നാഗർകോവിൽ റോഡരികിൽ പല സ്ഥലത്തും കുതിര ലായങ്ങളും അതോട് ചേർന്ന സ്ഥലങ്ങളും ഒഴിച്ചിടപ്പെട്ടിരിക്കുന്ന വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇപ്പോൾ അനുവർത്തിക്കുന്ന കുതിരലായങ്ങളും സ്ഥലങ്ങളും പ്രയോജനപ്പെടുത്താതിരിക്കുന്നവകളാകയാൽ, അവ പതിച്ചോ വിലയ്ക്കോ കൊടുക്കുന്നത് ഗവണ്മെൻറിനും പൊതു ജനങ്ങൾക്കും വളരെ പ്രയോജനകരമാണെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ?

HON'BLE MR. V. O. MARKOS :

(എ) ഉണ്ട്.

(ബി) ഇല്ല.

ഈ വർഷം കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും കോളേജും

32. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു പിന്നോക്കസമുദായ സംരക്ഷക ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ വർഷം പിന്നോക്കസമുദായത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ ഏതെല്ലാം കോളേജുകളിൽ പഠിക്കുന്നു എന്നു ദയവായി പറയുമോ?

(ബി) ഏതെല്ലാം ഹോസ്റ്റലുകളിൽ എത്രയെത്ര വിദ്യാർത്ഥികൾ താമസിക്കുന്നു എന്നും, ഓരോ ഹോസ്റ്റലിനും ഗവണ്മെൻറിൽ നിന്നും എത്ര ഗ്രാൻറ് നൽകുന്നു എന്നും പറയുവാൻ ദയവുണ്ടാകുമോ?

(സി) ഹോസ്റ്റലുകൾക്കു വെളിയിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം എത്ര ഗ്രാൻറ് നൽകുന്നു എന്നു ദയവായി പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : A statement furnishing the required information is laid on the table.

LIBRARY ARCHIVES Kerala Legislative Assembly